"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 184/2006 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1416/2025/LSGD തീയതി, തിരുവനന്തപുരം, 06-06-2025**

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 18/11/2024-ലെ എ3/1457/2017/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ)നം. 533/2025/തസ്വഭവ തീയതി 22/02/2025
3. സ.ഉ.(സാധാ)നം. 4128/2025/ധന തീയതി 06/05/2025.

**ഉത്തരവ്**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 184/06 നമ്പർ കേസ്, ബഹു. തിരുവനന്തപുരം സബ് കോടതിയിൽ 09/11/2024-ൽ സംഘടിപ്പിച്ച ലോക് അദാലത്തിൽ പരിഗണിക്കുകയും 19,28,775/- രൂപ (പത്തൊമ്പത് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി എഴുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം)-യ്ക്ക് ഒത്തുതീർപ്പിലെത്തിയിട്ടുള്ളതായും ആയതിനാൽ പ്രസ്തുത തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 184/2006 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 19,28,775/- രൂപ (പത്തൊമ്പത് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി എഴുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. മത്തായി മാത്യു മുതൽപ്പേർക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93 Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 19,29,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും

അടിസ്ഥാനത്തിൽ എൽ.എം.എസ്.-അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2786/C1, 2786/C2-1 എന്നിവയിൽപ്പെട്ട 0.18 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.184/2006 നമ്പർ കേസിലെ, 09/11/2024-ലെ ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ 19,28,775/- രൂപ (പത്തൊമ്പത് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി എഴുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. മത്തായി മാത്യൂ, ശ്രീമതി ശോശാമ്മ മാത്യൂ, ശ്രീ. റോയി എം. മാത്യൂ, ശ്രീമതി നിസ്സി മാത്യൂ, ശ്രീമതി സരസമ്മ മാമൻ, ശ്രീമതി ഷേർളി മാത്യൂ എന്നിവർക്ക് അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 4217-60-800-93 Payment of compensation in LAR Cases (Plan) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീ. മത്തായി മാത്യൂ, മുത്തുറ്റ് ഹൗസ്, കോഴഞ്ചേരി, പത്തനംതിട്ട 689 641 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി ശോശാമ്മ മാത്യൂ, മുത്തുറ്റ് ഹൗസ്, കോഴഞ്ചേരി, പത്തനംതിട്ട 689 641 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. റോയി എം. മാത്യൂ, മുത്തുറ്റ് ഹൗസ്, കോഴഞ്ചേരി, പത്തനംതിട്ട 689 641 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി നിസ്സി മാത്യൂ, മുത്തുറ്റ് ഹൗസ്, കോഴഞ്ചേരി, പത്തനംതിട്ട 689 641 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി സരസമ്മ മാമൻ, മുത്തുറ്റ് ഹൗസ്, കോഴഞ്ചേരി, പത്തനംതിട്ട 689 641 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി ഷേർളി മാത്യൂ, മുത്തുറ്റ് ഹൗസ്, കോഴഞ്ചേരി, പത്തനംതിട്ട 689 641 (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (WCD-3/92/2025/FIN. dated 20.05.2025).
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/186/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 09-06-2025 12:39:31
സെക്ഷൻ ഓഫീസർ